കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് –2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - lfaddistofficeknr@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെഎസ്എ/കെഎൻആർ/സി.6/424/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
ഇ-മെയിൽ - lfaddistofficeknr@gmail.com.
ഫോൺ -04972- 707698

തീയ്യതിഃ 12-04-2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

എടക്കാട് ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം:-എടക്കാട് ബ്ലോക്ക് പഞ്ചായത്ത്-2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

------------

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇമെയിൽ വഴി)

2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കണ്ണൂർ.

3. കാര്യാലയ പ്രതി.

PVP

നം.കെഎസ്എ/കെഎൻആർ/സി6/424/2017.

തീയ്യതി:12-04-2017.

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആമുഖം

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് 07-12-2015 മുതൽ 18-02-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 20-02-2017 മുതൽ 28-02-2017 വരെ | ശ്രീ.എം. ബാബുരാജ് | ഓഡിറ്റ് ഓഫിസർ |
| | ശ്രീ.അനൂപ് കെ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. കെ. ശ്രീജ. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | വി.കെ.പ്രകാശിനി | 01-04-15 to 18-11-15 |
| | എം.സി.മോഹനൻ | 19-11-15 to 31-03-16 |

നിർവ്വഹണ ഉദ്യോഗസ്ഥർ (01-04-2015 മുതൽ 31-03-2016 വരെ)

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര്/കാലയളവ് |
|---|---|
| സെക്രട്ടറി | ഷിൻസ് ഡി (01-04-15 to 07-08-15)<br>എം.ശ്രീജ. (08-05-15 to 18-08-15)<br>വിമൽ രാജ് കെ.കെ. (19-08-15 to 10-02-16)<br>എം. അനിൽ കുമാർ (10-02-16 continuing) |
| അസി. എക്സി.എഞ്ചിനീയർ | ജസ്വന്ത് സി (01-04-15 to 17-06-15)<br>മനോജ് കുമാർ (18-06-15 to 31-03-16) |
| കൃഷി അസി.ഡയരക്ടർ | വി.കെ. രാംദാസ് (01-04-15 to 14-12-15)<br>എ.സാവിത്രി (15-12-15 to 31-03-16) |
| വ്യവസായ വികസന ഓഫീസർ | മനോജ് പി.കെ. (01-04-15 to 04-01-16)<br>ജയപ്രകാശൻ പി.വി. (05-01-16 to 31-03-16) |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സ്മിത മാരാർ (01-04-15 to31-08-15)<br>കെ.മനോഹരൻ (01-09-15 to 31-03-16) |
| സി.ഡി.പി.ഒ, എടക്കാട് | വിലാസിനി ആർ (01-04-15 to 02-06-15)<br>ഗീതാകുമാരി ബി (03-06-15 to 31-03-16) |
| സി.ഡി.പി.ഒ,എടക്കാട്,അഡീഷണൽ | ലക്ഷ്മി (01-04-15 to 30-09-15)<br>ഉഷാവതി (01-10-15 to 31-03-16) |
| മെഡിക്കൽ ഓഫീസർ,<br>CHC, ഇരിവേരി | ഡോ.പി.കെ. കാർത്ത്യായനി<br>(01-04-15 to 23-05-15 &<br>(15-06-15 to 26-08-15) |
| മെഡിക്കൽ ഓഫീസർ,<br>PHC, ചേലോറ. | ഡോ.ബിന്ദു വി.ബി.<br>(24-05-15 to 14-06-15 &<br>(27-08-15 to 31-03-16) |
| പട്ടികജാതി വികസന ഓഫീസർ | കെ. സതീഷ് കുമാർ. |

ഉള്ളടക്കം

| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1- പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | മേഖലാപരമായ അസന്തുലിതം ഒഴിവാക്കേണ്ടതാണ് | 1-9 |
| | ഭാഗം 2- വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | വാടകക്കുടിശ്ശികക്കൊപ്പം പിഴപ്പലിശ ഈടാക്കുന്നില്ല | 2-1 |
| 11 | ടെണ്ടർ സമർപ്പണ ഫീ, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ് | 2-2 |
| | ഭാഗം 3 –ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | കാർഷിക പ്രദർശന വിപണന മേള ആസൂത്രണത്തിലെ അപാകങ്ങൾ -12,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-1 |

| | | |
|---|---|---|
| | | |
| 13 | ബില്ലിൽ നിന്നുള്ള റിക്കവറികളുടെയും ചലാനുകളുടെയും രസീതുകളുടെയും സൂക്ഷിപ്പ് കുറ്റമറ്റതാക്കേണ്ടതാണ്. | 3-2 |
| 14 | കാഞ്ഞങ്ങാട് പള്ളി, റെയിൽവേ റോഡ് പാലം നിർമ്മിക്കൽ, രൂപകൽപന, മണ്ണ് പരിശോധന സർട്ടിഫിക്കറ്റ് ലഭ്യമല്ല | 3-3 |
| 15 | വികലാംഗർക്കുള്ള സ്കൂട്ടർ വിത്ത് സൈഡ് വീൽ ലൈസൻസ് ലഭ്യമാക്കിയില്ല. | 3-4 |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ബ്ലോക്ക് വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 |
| 17 | പാലിയേറ്റീവ് കെയർ- ബ്ലോക്ക് വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 21 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 27 | അനുബന്ധ പത്രികകൾ | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| വർഷം | 2015-16 | |
|---|---|---|
| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | മിനിട്സ് ലഭ്യമാക്കിയിട്ടില്ല | മിനിട്സ് ലഭ്യമാക്കിയിട്ടില്ല |
| മുന്നിരിപ്പ് | 2,95,22,125 | 3,22,25,784 |
| വരവ് | 6,77,69,000 | 6,31,13,203 |
| ആകെ | 9,72,91,125 | 9,53,38,987 |
| ചെലവ് | 9,17,71,352 | 6,83,40,422 |
| നീക്കിയിരിപ്പ് | 55,19,773 | 2,69,98,565 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി | തിരിച്ചയച്ച തീയ്യതി |
|---|---|---|---|
| 2015-16 | 31-07-2016 | 08-08-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|
| 2015-16 | 23-02-2017 | വിശേഷണങ്ങളോടു കൂടിയത് | |

വാർഷിക കണക്കുകളിലെ അപാകങ്ങൾ:

1) വർഷാവസാന ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുക റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2) Uncshed Cheque ന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3) പ്രതിദിനം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4) Capital Work in Progress (B11(a)) ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഇല്ല.

5) വാടകയിനത്തിൽ ലഭിക്കുന്ന വരവുകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകളില്ല.

6) B15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകളില്ല.

7) ആസ്തി, ബാധ്യതാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

8) വാർഷിക കണക്കുകൾ 'സുലേഖ' പ്രകാരമുള്ള പദ്ധതി കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9) B4 പത്രികയിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ രേഖകളില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 3,22,25,784 |
| വരവ് * | 6,31,13,203 |
| ആകെ | 9,53,38,987 |
| ചെലവ് * | 6,83,40,422 |
| നീക്കിയിരിപ്പ് | 2,69,98,565 |

* റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 99,44,765 | 2,90,67,000 | 3,90,11,765 | 3,90,11,765 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 19,08,858 | 50,84,000 | 69,92,858 | 69,92,858 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 39,747 | 59,000 | 98,747 | 98,747 | 0 | 100 |
| സംരക്ഷണഗ്രാന്റ് | 18,12,403 | 42,39,000 | 60,51,403 | 60,51,403 | 0 | 100 |
| ബി ഫണ്ട് | | 40,000 | 40,000 | 40,000 | 0 | 100 |

## 1-6 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം:

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിത് (എണ്ണം) | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 2015-16 | 85 | 74 | - | 11 | 87 |

## 1-7 തനത് വരുമാനം

| വർഷം | ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|
| 2015-16 | നികുതിയേതര വരവുകൾ | 5,41,997 | 8,08,258 | 266261 | 49(+) |
| | ആകെ | 541,997 | 808,258 | 266,261 | |

## 1-8 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 10-02-2015 | 2010-11 മുതൽ 2013-14 വരെ | 22-8-15 |
| പെർഫോമെൻസ് ഓഡിറ്റ് | 23-01-2016 | 2014-15 | ലഭിച്ചിട്ടില്ല |

## **1-9** പദ്ധതി നിർവഹണം-മേഖലാപരമായ അസന്തുലിതത്വം ഒഴിവാക്കേണ്ടതാണ്.

2015-16 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ 85 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കാത്തവ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 13 | 8 | 5 | 1,32,75,053 | 26.4 |
| സി.ഡി.പി.ഒ | 5 | 5 | - | 23,09,462 | 4.6 |
| മെഡി.ഓഫീസർ, CHC | 3 | 3 | - | 13,04,352 | 2.6 |
| എസ്.സി.ഡി.ഒ | 2 | 2 | - | 14,11,700 | 2.8 |
| കൃഷി അസി.ഡയറക്ടർ, | 7 | 7 | - | 29,69,725 | 5.9 |
| ഐ.ഇ.ഒ | 1 | 1 | - | 8,00,000 | 1.6 |
| അസി.എക്സി.എഞ്ചിനീയർ | 54 | 48 | 6 | 2,82,42,866 | 56 |
| ആകെ | 85 | 74 | 11 | 5,03,13,158 | 100 |

ഇതിൽ നിന്നും പശ്ചാത്തല മേഖലയിലാണ് ഏറ്റവും കൂടുതൽ പ്രോജക്ടുകൾ നടപ്പാക്കിയതെന്നും 60% തുക ചെലവഴിച്ചതെന്നും കാണാവുന്നതാണ്. മറ്റ് മേഖലകൾക്കുള്ള ഊന്നലുകളിൽ കുറവുണ്ടായിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ സന്തുലിതവും സമഗ്രവുമായ വികസനം ഉറപ്പു വരുത്തുന്ന രൂപത്തിൽ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ശ്രദ്ധ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക കുടിശ്ശികയോടൊപ്പം പിഴപ്പലിശ ഈടാക്കുന്നില്ല.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസിനോടനുബന്ധിച്ചുള്ള മുറികൾ, കൊയ്യോട് മിനി വ്യവസായ എസ്റ്റേറ്റിലെ മുറികൾ, ചക്കരക്കല്ലിലെ എസ്ജിഎസ്‌വൈ ഔട്ട്ലെറ്റ് മുറികൾ എന്നിവ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ബൈലോ പ്രകാരം മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസം വാടക അതതുമാസം 5-ാം തീയതിക്കകം പഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതാണെന്നും വാടക അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തുന്ന തീയതി മുതൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18% പിഴപ്പലിശയോടു കൂടി സംഖ്യ അടക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വാടക അടക്കാൻ വീഴ്ച വരുത്തിയവരിൽ നിന്നും കുടിശ്ശിക ഈടാക്കുമ്പോൾ പിഴപ്പലിശ ഈടാക്കുന്നില്ല. വാടക അടക്കാൻ വീഴ്ച വരുത്തിയ മുഴുവൻ വാടകക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 2-2 ടെണ്ടർ സമർപ്പണ ഫീ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

2015-16 വർഷം ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം നിർവഹണം നടത്തിയ പ്രോജക്ടുകളുടെ അടങ്കൽ 5,00,000/- രൂപക്ക് മുകളിലായതിനാൽ ഇ-ടെണ്ടർ നടപടികളിലൂടെയാണ് കരാറുകാരെ കണ്ടെത്തിയത്. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ഭാഗമായ ടെണ്ടർ സമർപ്പണ ഫീ ഇനത്തിലുള്ള തുക LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭ്യമാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാർഷികപ്രദർശന വിപണനമേള-ആസൂത്രണത്തിലെ അപാകങ്ങൾ - 12,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - 71/16 (കാർഷിക പ്രദർശന വിപണനമേള (2014-15) അധികധനസഹായം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ, അഗ്രിക്കൾച്ചർ, എടക്കാട് ബ്ലോക്ക്

അടങ്കൽ - 12,00,000/- (വികസനഫണ്ട്)

ബിൽ നമ്പർ - 1/2015-16 dt. 29-01-2016, 2,85,220/-

ബിൽ നമ്പർ - 2/2015-16 dt. 26-02-2016, 9,14,780/-

ആകെ - 12,00,000/-

എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2014-15-ൽ നടപ്പാക്കിയ കാർഷിക പ്രദർശന വിപണന മേള (പ്രോജക്റ്റ്-37/15) ക്ക് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന പബ്ലിക്ക് സെക്ടർ നിന്നും വാഗ്ദാനം ചെയ്ത 12 ലക്ഷം രൂപ ലഭിക്കാതെ വന്നപ്പോഴാണ് ഈ പ്രോജക്റ്റ് നടപ്പിലാക്കിയത്. ചെലവഴിച്ച സംഖ്യ നൽകാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയും അംഗങ്ങളെയും തുക നൽകേണ്ടവർ നിരന്തരം ബുദ്ധിമുട്ടിച്ചപ്പോഴാണ് ബ്ലോക്ക് പഞ്ചായത്ത് തീരുമാനപ്രകാരം പദ്ധതി സമർപ്പിച്ചത് എന്നാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചത്. ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കൃഷി വകുപ്പിൽ നിന്നും തുക ലഭ്യമാകുന്ന മുറക്ക് വികസന ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതാണെന്ന നിബന്ധന പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കാർഷികപ്രദർശന, വിപണനമേളയുടെ മൊത്തം വരവുചെലവ് കണക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. പൊതുജനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവന പിരിച്ചതിന്റെ രസീതുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. സംഭാവന തുക ഉൾപ്പെടുത്തി പ്രോജക്റ്റ് പുതുക്കിയിട്ടില്ല.

5. ഉത്പന്നങ്ങൾ വിപണനം നടത്തിയതിൽ നിന്ന് ലഭിച്ച ആദായത്തിന്റെ കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചിട്ടുണ്ടെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക എത്രയെന്നും ആയത് എന്തിനു വേണ്ടി ചെലവഴിച്ചു എന്നും വ്യക്തമാക്കിയിട്ടില്ല.

7. മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ നടത്തിയ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8. കൃഷി വകുപ്പിൽ നിന്നും ലഭിക്കേണ്ടതായ തുകയുടെ ലഭ്യത ഉറപ്പു വരുത്താതെ പദ്ധതി നിർവഹണം നടത്തിയത് ആസൂത്രണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു.

9. സംഘാടകരുടെ പിഴവുമൂലം, ലഭിക്കേണ്ട തുക കിട്ടാതെ വന്നപ്പോൾ സർക്കാർ ഫണ്ട് വിനിയോഗിച്ച് ചെലവ് നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

10. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/15-16-ന് ലഭിച്ച മറുപടി പരിഗണിച്ചു കൊണ്ടാണ് ഓഡിറ്റ് നിരീക്ഷണങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

മേൽ കാരണങ്ങളാൽ ഈ പ്രോജക്റ്റിന്റെ ചെലവ് തുകയായ 12,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തുക ലഭ്യമാക്കി വികസന ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-2 ബില്ലിൽ നിന്നുള്ള റിക്കവറികൾ - ചെലാനുകളുടെയും രശീതികളുടെയും സൂക്ഷിപ്പ് കുറ്റമറ്റതാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്യുന്ന നികുതി/ക്ഷേമനിധി വിഹിതങ്ങൾ ഒടുക്കിയതിന്റെ ചെലാനുകൾ/രശീതികൾ എന്നിവ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചു വരുന്നില്ല. ആദായ നികുതി ഒടുക്കിയതിന്റെ ചെലാനുകൾ ട്രഷറികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. നിർമാണതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തുക ഒടുക്കിയതിന്റെ രശീതികൾ ലഭിച്ചിട്ടില്ല. നികുതി/ക്ഷേമനിധി വിഹിതങ്ങൾ യഥാവിധി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് തെളിയിക്കാൻ പര്യാപ്തമായ വിധത്തിൽ ഇതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതാണ്.

## 3-3 കാഞ്ഞങ്ങാട് പള്ളി-റെയിൽവേ ലൈൻ റോഡിന് പാലം നിർമിക്കൽ-രൂപകല്പനയും മണ്ണ് പരിശോധനയുടെയും റിപ്പോർട്ട് ലഭ്യമായിട്ടില്ല.

മേൽ പ്രോജക്ടിന്റെ (പ്രോജക്ട് നം.26/15) രൂപകല്പനയും മണ്ണ് പരിശോധനയും നിർവഹിക്കുന്നതിനായി കണ്ണൂർ ഗവ.എഞ്ചിനീയറിങ്ങ് കോളേജ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ എന്ന സ്ഥാപനത്തിന് കരാർ നൽകുകയും സ്ഥാപനത്തിന് താഴെ പറയുന്ന പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

₹84270/- (DD No.305663 തീയതി 25-05-2015)

₹65342/- (DD No.1696238 തീയതി 06-01-2017)

കരാർ പ്രകാരമുള്ള റിപ്പോർട്ടുകൾ സ്ഥാപനം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കി തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-4 വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ - ലൈസൻസ് പരിശോധനക്ക് ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി ഡി പി ഒ

പ്രോജക്ട് നമ്പർ/പേര് : 55/16 വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വാങ്ങൽ

വകയിരുത്തിയ തുക : ₹ 556000 (വികസന ഫണ്ട്)

ചെലവഴിച്ച തുക : ₹556000 (വികസന ഫണ്ട്)

ബിൽ നമ്പർ : CB No. 85/15-16/11-02-2016

മേൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും ₹556,000 ചെലവഴിച്ച് വികലാംഗരായ എട്ട് ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ ശ്രീ.കെ.വി. പ്രദീപൻ എന്നവരുടെ ഡ്രൈവിങ്ങ് ലൈസൻസിന്റെ പകർപ്പ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള ഏഴ് ഗുണഭോക്താക്കൾക്കളുടെ

ഡ്രൈവിങ്ങ് ലൈസൻസ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 23-02-2017-ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/23-02-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ഏഴ് ഗുണഭോക്താക്കൾക്ക് ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കില്ല. 2,20,400/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി ഡി പി ഒ

പ്രോജക്ടിന്റെ പേര് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ : 23/16

അടങ്കൽ : ₹7,54,425 (വികസന ഫണ്ട്)

ചെലവ് : ₹7,54,425 (ബിൽ നമ്പർ 5/15-16 തീയതി 11-03-2016)

മേൽ പ്രോജക്ട് പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 7,54,425/- രൂപ നാല് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ എളയാവൂർ ഗ്രാമപഞ്ചായത്തിന് നൽകിയ 2,20,400/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 23-02-2017-ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23-02-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2,20,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം നൽകൽ– ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 1,00,000/. രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : മുണ്ടേരി ഗ്രാമപഞ്ചായത്തിന്പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ : 76/16

അടങ്കൽ : ₹1,00,000 (വികസന ഫണ്ട്)

ചെലവ് : ₹1,00,000 (ബിൽ നമ്പർ 13/15-16 തീയതി 17-03-16)

മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിക്കായി മുണ്ടേരി ഗ്രാമപഞ്ചായത്തിന്

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1,00,000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 23-02-2017-ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/23-02-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഐ എ വൈ ഭവന പദ്ധതി- പൂർത്തിയാക്കാത്ത വീടുകൾ- അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നാളിതുവരെയായി ധനസഹായം അനുവദിക്കുകയും എന്നാൽ ഭവനനിർമാണം പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ര നം. | വർഷം | പേര് | വിഭാഗം | ഗ്രാമ പഞ്ചായത്ത് | സ്റ്റേജ് | നൽകിയ തുക | ബാക്കി തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 2011-12 | ബ്രോണി കെ | എസ്‌സി | എടക്കാട് | ആരംഭിച്ചിട്ടില്ല | 30,000 | 70,000 | - |
| 2 | 2012-13 | ആരംഭൻസുശീല | എസ്‌സി | മുണ്ടേരി | ബേസ്മെന്റ് | 1,76,500 | 23,500 | - |
| 3 | 2013-14 | സനിത പി | എസ്‌സി | മുണ്ടേരി | ലിന്റൽ | 1,89,500 | 10,500 | - |
| 4 | 2013-14 | രാധ പി | എസ്‌സി | കൊളച്ചേരി | ലിന്റൽ | 1,39,500 | 60,500 | - |
| 5 | 2013-14 | പത്മിനി എ | എസ്‌സി | ചേലോറ | ലിന്റൽ | 1.39,500 | 60,500 | - |

നാളിതുവരെയായി പൂർത്തിയാക്കാത്ത ഐഎവൈ ഭവനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| 2015-16 | KSEB | ലഭ്യമാക്കിയിട്ടില്ല | 1,50,000 | 1,50,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 30 | 2003-04 | 4-12 | ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 6,31,13,203 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 6,83,40,422 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,20,400 |

*റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12,00,000 | എ. സാവിത്രി, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. |
| 3-5 | 2,20,400 | ഗീതാകുമാരി ബി., സി ഡി പി ഒ |
| 3-6 | 1,00,000 | ലഭ്യമാക്കിയിട്ടില്ല |

(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ | റിമാർക്സ് |
|---|---|---|---|

| | | എണ്ണം | |
|---|---|---|---|
| 1996-97 | എൽ.എഫ്-ഡി4/1357/08(1) തീയതി 20-10-2008 | 1 | |
| 1997-98 | എൽ.എഫ്-ഡി4/1357/08(4) തീയതി 20-10-2008 | 7 | |
| 1998-99 | എൽ.എഫ്-കെ.എൻ.ആർ/ഡി1/1156/2012 തീയതി 20-09-2012 | 6 | |
| 1999-2000 | എൽ.എഫ്-കെ.എൻ.ആർ-ഡി1/1156/ 2012 തീയതി 20-09-2012 | 20 | |
| 2000-01 | എൽ.എഫ് -ഡി4/1357/2008(10) തീയതി 20-12-2008 | 7 | |
| 2001-02 | എൽ.എഫ്/ഡി4/1357/08(12) തീയതി 20-12-2008 | 9 | |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/ഡി1/1156/ 2012 തീയതി 20-09-2012 | 1 | |
| 2003-04 | എൽ.എഫ്/ഡി4/1357/08(16) തീയതി 20-10-2008 | 12 | |
| 2004-05 | എൽ.എഫ്/ഡി4/1357/08(18) തീയതി 20-10-2008 | 3 | |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/ഡി1/1156/2012 തീയതി 20-09-2012 | 4 | |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/ഡി1/1156/2012 തീയതി 20-09-2012 | 3 | |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/ഡി1/1156/2012 തീയതി 20-09-2012 | 3 | |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ /ഡി1/151/2014 തീയതി 05-11-2014 | 16 | |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/ഡി1/ 150/2014 തീയതി 10-07-2014 | 12 | |
| 2010-11 2011-12 | എൽ.എഫ്/കെ.എൻ.ആർ/ഡി1/306/14 തീയതി 18-11-2014 | 13 | |
| 2012-13 2013-14 2014-15 | എൽഎഫ് /കെഎൻആർ/ഡി1/119/16 തീയതി 03-03-2016 | 7 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

## <u>അനുബന്ധം-1</u>

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ/കെഎൻആർ/സി6/424/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഫോൺ : 0497 2707698
ഇ മെയിൽ :lfaddistofficekannur@gmail.com

തീയ്യതി :12-04-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 215-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

No. KSA/KNR/C6/424/2017.

Dated: 12-04-2017.

Kerala State Audit Department District Audit Office kannur Phone : 0497 2707698 Certified that I have audited the Annual Financial Statement of Edakkad Block Panchayath in Kannur District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Edakkad Block Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director,

District Audit Office, Kannur.